## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 49      30.11.2015 ൽ മറുപടിക്ക്

**<u>താത്കാലിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | സർക്കാർ സർവ്വീസിലും സ്ഥാപനങ്ങളിലും താത്കാലിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ; താത്കാലിക ഒഴിവുകളിലേക്കു എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; കേരള ഹൗസിൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ നിയമനങ്ങൾ എപ്രകാരമായിരുന്നു.; | (എ) | സർക്കാർ സർവ്വീസിലും സ്ഥാപനങ്ങളിലും താത്കാലിക ജീവനക്കാരെ നിയമിക്കുന്നത് എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴിയാണ്. എന്നാൽ ന്യൂഡൽഹി കേരള ഹൗസിലെ നിയമനങ്ങൾ പി.എസ്.സി മുഖേനയല്ലാത്തതിനാൽ ലോക്കൽ റിക്രൂട്ട്മെന്റ് രീതിയിലാണ് നടന്നുവരുന്നത്. |
| (ബി) | ന്യൂഡൽഹിയിലെ കേരള ഹൗസിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എത്ര വർഷത്തെ സർവീസുള്ളവരെയാണ് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത് ; ഇവർക്ക് നിയമനം ലഭിച്ചത് ഏത് തീയതിയിൽ ഏപ്രകാരമായിരുന്നു.; | (ബി) | ന്യൂഡൽഹി കേരള ഹൗസിൽ മൂന്നു വർഷം സർവീസ് പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 19-9-15 ലെ ജി.ഒ (എം. എസ്) 241/15/പൊഭവ ഉത്തരവ് പ്രകാരം 40 പേരെ സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | മൂന്ന് വർഷം പൂർത്തിയാക്കിയ താത്കാലിക ജീവനക്കാരെയെല്ലാം സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോ; കേരള ഹൗസിലെ സ്ഥിരപ്പെടുത്തൽ ഉത്തരവ് സർവ്വീസിലുള്ള എല്ലാതരം താത്കാലിക ജീവനക്കാർക്കും ബാധകമാക്കുമോ; | (സി) | മൂന്ന് വർഷം പൂർത്തിയാക്കിയ താത്കാലിക ജീവനക്കാരെയെല്ലാം സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്താൻ തീരുമാനമില്ല. കേരള ഹൗസിലെ സ്ഥിരപ്പെടുത്തൽ ഉത്തരവ് എല്ലാ താത്കാലിക ജീവനക്കാർക്കും ബാധകമാക്കാൻ നിലവിൽ തീരുമാനങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ